# സൗന്ദര്യമത്സരങ്ങളുടെ രസതന്ത്രം

രണ്ടു പേർ തമ്മിലുള്ള ഇടപാടായിരുന്നു അത്. ഒരാളിൽ അൽപം ക്രമക്കേടുകളുണ്ടായി. അതെചൊല്ലി രണ്ടു പേരും വക്കാണമായി. ഒടുവിൽ അയാളോട് കൂട്ടുകാരൻ പറഞ്ഞ തിങ്ങനെ: ''നിന്റെ സംസ്കാരം അതാണെങ്കിൽ ആയിക്കോളൂ. ഞാനെന്ത് ചെയ്യാൻ?

കേൾവിക്കാരനായ എനിക്ക് സംശയമായി: ആളുകളുടെ സ്വഭാവത്തെയും പെരുമാറ്റത്തെയുമാണോ സംസ്കാരം എന്നു പറയുന്നത്?

ചിലപ്പോൾ ആകാം. ആകാതെയുമിരിക്കാം. അതിലെന്താ കാര്യം?

പക്ഷേ?, ഒന്നുണ്ട്. വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനുമൊക്കെ മൊത്തത്തിൽ ഒരു സംസ്കാരമുണ്ട്. അത് ഉന്നതവും ആഭിജാത്യവുമായിരിക്കണം. അതിലൂടെയാണ് നമ്മുടെ മേൽവിലാസം ഉന്നതമാകുന്നതും അംഗീകരിക്കപ്പെടുന്നതും. ഇടപാടുകൾ, പെരുമാറ്റം, വസ്ത്രാലങ്കാരം, വിവാഹം, കളി, വിനോദം– തുടങ്ങിയ ജീവിത രംഗങ്ങളിലൊക്കെ ഉയർത്തിപ്പിടിക്കേണ്ടതാണ് ഈ സംസ്കാരം. നമ്മുടെ ജീവിതം പ്രകടമാകുന്നതു തന്നെ സംസ്കാരത്തിലൂടെയാണല്ലോ.

അയൽവീട്ടിലെ രീതിയിലല്ല നാം നമ്മുടെ വീട്ടിലെ കാര്യങ്ങൾ കൊണ്ടുപോകുന്നത്. അതുപോലെ അന്യരാജ്യക്കാരന്റെ സംസ്കാരം ഉൾക്കൊണ്ടല്ല നാം ജീവിക്കേണ്ടത്.

നാം പാവനമെന്ന് അഭിമാനിക്കുകയും ഘോഷിക്കുകയും ചെയ്യുന്ന നമ്മുടെ സംസ്കാരം അത് രാജ്യത്തിന്റേതാകട്ടെ, മതപരമാകട്ടെ നിർഭയം, അഭിമാനത്തോടെ എവിടെയും ഉയർത്തിപ്പിടിക്കാൻ നാം നിർബന്ധിതരാണ്.

വൻകിട ബിസിനസ്സുകാരുടെ രസിപ്പിക്കലിൽ വഞ്ചിതാരായാണ് നമ്മുടെ പല ആളുകളും വലുതാകുന്നത്.

ഉടയാടകളുരിഞ്ഞുള്ള ഫാഷൻപരേഡായാലും സൗന്ദര്യമത്സരമായാലും അത് തന്റെ സംസ്കാരത്തിന് എത്രമാത്രം യോജിക്കുന്നതാണെന്നും അതിനോടുള്ള തന്റെ നിലപാട് എതായിരിക്കണമെന്നും സ്വബോധമുള്ളവരൊക്കെ തിരിച്ചറിയണം. എന്തിന്റെ പേരിലായാലും കാണുന്ന വേദികളിലൊക്കെ തന്റെ ഉടുമുണ്ടുരിഞ്ഞ് പുരുഷകേസരികളുടെ മുമ്പിൽ തലയുയർത്തി നിൽക്കാനുള്ള ചർമകൗശലത്തിന് സംസ്കാരമെന്നോ ആർജവമെന്നോ കലയെന്നോ എങ്ങനെ പറയും?

വൻകിട ബിസിനസ്സുകാരാണ് ഇമ്മട്ടിലുള്ള കളികളുടെ സ്പോൺസർമാർ. അവരുടെ ഉൽപന്നങ്ങൾ കുറച്ചു മാത്രം വിറ്റഴിക്കപ്പെടുന്ന സ്ഥലങ്ങളിലെയോ കൂടുതൽ ജനസംഖ്യയുള്ള നാടുകളിലേയോ മത്സരാർഥികൾക്ക് നൽകി സുഖിപ്പിക്കുകയെന്നതാണ് ഈവക പരിപാടികളുടെ രസതന്ത്രം. അതവരുടെ പ്രൊഡക്ഷൻ വിറ്റഴിക്കുന്നതിനുള്ള ഉപഹാരമാണ്. പക്ഷേ, അത് തിരിച്ചറിയാതെയാണ് പെൺകുട്ടികളെ അത്തരം ആഭാസങ്ങളിലേക്ക് രക്ഷിതാക്കൾ ഉടുമുണ്ടഴിച്ചു വിടുന്നത്.

അത്തരം പെൺകുട്ടികൾ ഒരു മത്സരത്തിനുശേഷം വെറുതെയിരിക്കുകയല്ല ചെയ്യുന്നത്. തതുല്യമായ വേദികളും ഫീൽഡുകളും അന്വേഷിച്ചായിരിക്കും അവർ കറങ്ങുന്നത്. അതോ, അവരെയും ഉറ്റവരെയും അനാരോഗ്യകരമായ അവസ്ഥകളിലേക്കായിരിക്കും എടുത്തെറിയുക.

നാം മാത്രമാണ് നമ്മുടെ കുടുംബത്തിന്റെയും ധർമത്തിന്റെയും സംസ്കാരം കാത്തുസൂക്ഷിക്കേണ്ടവർ. ഫാഷനു വേണ്ടി അതിനെ ബലിയറുക്കരുത്.

പണവും സ്വാധീനവും എല്ലാ രംഗവും അടക്കിവാഴുന്ന റിയാലിറ്റിഷോകളുടെ ഇക്കാലത്ത് അവനവന്റെ സംസ്കാരം ഉയർത്തിപ്പിടിച്ച് അച്ചടക്കത്തോടെ ജീവിച്ചാൽ അതായിരിക്കും ഭാവിതലമുറകളോട് ചെയ്യുന്ന സുകൃതം. സ്വധർമത്തോടും ദൈവത്തോടും ചെയ്യുന്ന കൃതജ്ഞത.